**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4580** **19-07-2022 - ൽ മറുപടിയ്ക്ക്**

**വെള്ളായണി കായലിലെ ജലവിതാനത്തിൽ അകപ്പെട്ട കർഷകരുടെ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വെള്ളായണി കായലിലെ ജലവിതാനത്തിൽ അകപ്പെട്ട കൃഷി ഭൂമി ഏറ്റെടുക്കുന്നതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | വെള്ളായണി കായലിലെ ജലവിതാനത്തിൽ അകപ്പെട്ട് പോയ പട്ടയ ഭൂമി ഉടമസ്ഥരായ കർഷകർക്ക് ഉണ്ടായിട്ടുള്ള തൊഴിൽ-വരുമാന നഷ്ടങ്ങൾ കണക്കിലെടുത്ത്, നഷ്ട പരിഹാരം നൽകി സർക്കാർ ഏറ്റെടുക്കുന്നതിലേക്കായി 6,32,12,751/- രൂപ( ആറുകോടി മുപ്പത്തിരണ്ട് ലക്ഷത്തി പന്ത്രണ്ടായിരത്തി എഴുനൂറ്റിയമ്പത്തിഒന്നു രൂപ മാത്രം) 4702-00-101-65-01-MI class-II HK(PV) എന്ന ശീർഷകത്തിൽ നിന്നും നൽകു ന്നതിന് 13/04/2022-ലെ സ.ഉ (സാധാ) നമ്പർ.324/2022/ ജവിവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഒരു സെന്റിന് എത്ര രൂപയാണ് നിശ്ചയിച്ചതെന്നും അത് വളരെ കുറഞ്ഞ തുകയാണെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ന്യായമായ തുക അനുവദിക്കുമോ; വർഷങ്ങളായി ദുരിതം അനുഭവിക്കുന്ന കർഷകരുടെ ഭൂമി എന്നത്തേക്ക് എറ്റെടുക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | തിരുവനന്തപുരം ജില്ലാ കളക്ടർ 13.11.2020 ന് സമർപ്പിച്ച റിപ്പോർട്ട് (അനുബന്ധം -1) പ്രകാരം സ്ഥലവില നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ഓരോ ഭൂവുടമയുടെയും കൈവശമുള്ള ഭൂമിയുടെ സ്ഥലവില ബന്ധപ്പെട്ട വില്ലേജ് ഓഫീസർ മുഖാന്തിരം നിർണ്ണയിച്ച് ലിസ്റ്റ് തയ്യാറാക്കി തിരുവനന്തപുരം ജില്ലാ കളക്ടർ 31.08.2021 ന് സമർപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം കല്ലിയൂർ, നേമം, വെങ്ങാനൂർ വില്ലേജുകളിലെ വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട ആകെ 604 ഭൂവുടമകളിൽ നിന്നായി സ്ഥലം ഏറ്റെടുക്കുന്നതിന് ആകെ 6,32,12,751/- രൂപ, ടി തുക 4702-00-101-65-MI Class II HK(PV) ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. നിലവിൽ, ജില്ലാ തല പർച്ചേസ് കമ്മിറ്റി കൂടുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചു വരുന്നു. ജില്ലാ തല പർച്ചേസ് കമ്മിറ്റി നിശ്ചയിക്കുന്ന ചീഫ് സെക്രട്ടറി അധ്യക്ഷനായ എസ്.എൽ.ഇ.സി കമ്മിറ്റി അംഗീകരിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**കല്ലിയൂർ വില്ലേജ് ബ്ലോക്ക് നം. 27, 28**

| റീസർവ്വെ നം. | ആർ ഒന്നിന് വില - 1991 വർഷം |
|---|---|
| 208, 209, 210, 211, 212, 207, 206, 204, 213, 214, 220, 221, 241, 200, 198, 199, 246, 247, 248, 250, 256, 257, 433, 434, 436, 443, 444, 445, 446, 447, 448, 449, 450, 451, 458, 517, 515, 518, 519, 520, 521, 522, 523, 524, 525, 526, 528, 534, 462, 563, 564, 576, 208, 200, 199, 205, 212, 219, 220, 433, 436, 444, 447, 517, 445 | 6793/- രൂപ<br>(2,950/- രൂപ സെന്റ് ഒന്നിന്) |

**വെങ്ങാനൂർ വില്ലേജ് ബ്ലോക്ക് നം.30**

| റീസർവ്വെ നം. | ആർ ഒന്നിന് വില - 1991 വർഷം |
|---|---|
| 182, 183, 184 | 8,398/- രൂപ<br>(3,400/- രൂപ സെന്റ് ഒന്നിന്) |
| 177, 178 | 8,028/- രൂപ<br>(3,250/- രൂപ സെന്റ് ഒന്നിന്) |
| 66, 67, 68, 69, 70, 71, 72 | 8,645/- രൂപ<br>(3,500/- രൂപ സെന്റ് ഒന്നിന്) |
| 432, 434 | 9,139/- രൂപ<br>(3,700/- രൂപ സെന്റ് ഒന്നിന്) |

**സെക്ഷൻ ഓഫീസർ**